# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ(ഇകെഎം)പി11-1182/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 08/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ(ഇകെഎം)പി11-1182/22 തീയ്യതി: 08/08/2022

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസ്സി എം ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ വി , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വൃന്ദ സി എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഫ്രാൻസിസ് തറയിൽ | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-12-2020 | 29-12-2020 |
| ശ്രീമതി സൈന ബാബു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജെയിൻ വർഗീസ് പാത്താടൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ. ടിന്റു സാറ ജോസഫ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2020 | 23-02-2021 |
| ഡോ. കൃഷ്ണകുമാർ പി എം | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 24-02-2021 | 31-03-2021 |
| ഡോ. ഷെയ്ക്ക് അൻവർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ. റീന മാത്യു | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി സൂസൻ പോൾ വിതയത്തിൽ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അനിത കെ മേനോൻ | കൃഷി ഓഫീസർ | 01-04-2020 | 22-02-2021 |
| ശ്രീമതി ശിൽപ്പ കെ തോമസ് | കൃഷി ഓഫീസർ | 23-02-2021 | 15-03-2021 |
| ശ്രീമതി സാബിറ ബീവി എം | കൃഷി ഓഫീസർ | 16-03-2021 | 31-03-2021 |
| ശ്രീ കൃഷ്ണകുമാർ ഒ എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ. ജിൻസ ജോർജ് | വെറ്ററിനറി സർജൻ | 01-04-2020 | 23-06-2020 |
| ഡോ.ഷെറി മാത്തൻ | വെറ്ററനറി സർജൻ | 24-06-2020 | 31-03-2021 |
| സിനിമോൾ.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 12-06-2020 |
| സജീവ്കുമാർ.പി.ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-06-2020 | 31-03-2021 |
| റീന.എ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 30-10-2020 |

| | | | |
|---|---|---|---|
| ജിസ്സ.ടി.ദിനരാജൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 31-10-2020 | 31-03-2021 |
| രാജേന്ദ്രൻ.ഒ.ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 19-01-2021 |
| വിമൽരാജ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 20-01-2021 | 31-03-2021 |
| ശ്രീ സുനിൽ പി. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Prasad P G (Asst. Audit Officer, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Prasad P G (Asst. Audit Officer, On 29-06-2022)<br>Last Updated By: Tessy (Audit Officer, On 30-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 29-06-2022)<br>Last Updated By: Tessy (Audit Officer, On 30-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Prasad P G (Asst. Audit Officer, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Prasad P G (Asst. Audit Officer, On 29-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 30-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 30-06-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 30-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 01-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 30-06-2022) | 1-10 |
| 12 | വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Vrinda C S (Senior Grade Auditor, On 30-06-2022) | 1-11 |
| 13 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-12 |
| 14 | പഞ്ചായത്ത് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടച്ചിട്ടില്ല<br>Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-13-1 |
| 15 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-13-2 |
| 16 | നിയമ വിരുദ്ധമായി ഹോട്ടൽ സമുച്ചയത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി | 1-14 |

| | | |
|---|---|---|
| | Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | |
| 17 | പഞ്ചായത്ത് വാടകക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ ലൈസൻസ് പുതുക്കിയില്ല<br>Written By: Vrinda C S (Senior Grade Auditor, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-15 |
| 18 | ചൈതന്യ മഹിളാസമാജം എസ് സി വനിതാ തയ്യൽ യൂണിറ്റ് - സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായുള്ള ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Tessy (Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-16 |
| 19 | ലൈഫ് മിഷൻ പദ്ധതിപ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി നിലം ആയ വസ്തു വാങ്ങി<br>Written By: Tessy (Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-17 |
| 20 | സിസിടിവി സ്ഥാപിക്കുന്നതിന് തുക നൽകിയെങ്കിലും സ്ഥാപിച്ചിട്ടില്ല - 1200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Tessy (Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-18 |
| 21 | തൊഴിലുറപ്പ് പദ്ധതി-സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി.-ടി.ഡി.എസ് ഈടാക്കുന്നില്ല<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-19 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധിക തുക നൽകിയത് തിരികെ ഈടാക്കണം<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-20 |
| 23 | ലൈഫ് ഭവന പദ്ധതി (എസ്.സി)-ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-21 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനം-അവലോകനം<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-22 |
| 25 | മരാമത്ത് പ്രവർത്തികൾ- പൊതു അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-23 |
| 26 | പള്ളിക്കുന്നത്ത് റോഡ് റീ ടാറിംഗ്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത-കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-24 |
| 27 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ടോയ്ലെറ്റ് നിർമ്മാണം-എസ്റ്റിമേറ്റ് പ്രകാരമുള്ള വസ്തുക്കൾ ഉപയോഗിച്ചില്ല-കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-സബ്സീഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം ചെലവഴിച്ച തുക തിരികെ ഈടാക്കണം<br>Written By: Prasad P G (Asst. Audit Officer, On 05-07-2022) | 3-1 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 08-08-2022) | |
| ഭാഗം 4 | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 30-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിവരം<br>Written By: Prasad P G (Asst. Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Prasad P G (Asst. Audit Officer, On 30-06-2022) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Tessy (Audit Officer, On 01-07-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Prasad P G (Asst. Audit Officer, On 30-06-2022)<br>Last Updated By: Bindu L (Computer Assistant, On 08-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.03.2020-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16.02.2021-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2020-2021 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 1,79,22,533 | 29,46,04,875 | 31,25,27,408 | 30,18,36,099 | 1,06,91,309 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2020 –21 വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2020-21 പുതുക്കിയ ബജറ്റ് പ്രകാരം | 2020-2021വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ്പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 29,46,04,875 | 191400112 | 10,32,04,763 |
| ചെലവ് | 30,18,36,099 | 19,74,91,485 | 10,43,44,614 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 10.32 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 10.43 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃതഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ് . ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യാഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31.7.2021 | 07.08.2021 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

ILGMS - വാർഷിക ധനകാര്യപ്പത്രികയിലെ അപാകതകൾ

കുന്നുകര ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ ILGMS അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റിയത് 28/09/2020മുതലാണ്. 01/04/2020മുതൽ 27/09/2020 വരെയുള്ള കണക്കുകൾ സാംഖ്യയിൽ തയ്യാറാക്കിയത് Past Data Entry ( PDE ) വഴി 28/09/2020 ൽ ILGMS ലേക്ക് ഇന്റഗ്രേറ്റ് ചെയ്ത് 01.04.2020 മുതൽ 31.03.2021 വരെയുള്ള വാർഷിക ധനകാര്യപ്പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഈ വാർഷിക ധനകാര്യപ്പത്രികയിൽ 31.03.2020 ലെ ബാലൻസ് ഷീറ്റിലെ ബാലൻസ് തുകകൾ 01.04.2020 ലെ ILGMS ഓപ്പണിംഗ് ബാലൻസിലേക്ക് കൊണ്ടുവന്നപ്പോൾ ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂട്ടിച്ചേർക്കപ്പെടുകയും, ചില ഹെഡ് ഓഫ് അക്കൗണ്ടുകൾ വിഭജിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കൂട്ടിച്ചേർക്കപ്പെടുകയും, വിഭജിക്കപ്പെടുകയും ചെയ്ത അക്കൗണ്ട് ഹെഡുകളിലെ ആകെ തുകയും, സാംഖ്യവഴി മുൻബാലൻസ് ഷീറ്റിൽ ഉണ്ടായിരുന്ന ബാലൻസ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്.

അതേസമയം ഇപ്രകാരം തയ്യാറാക്കിയ വാർഷിക ധനകാര്യപ്പത്രിക 07/08/2021 ൽ ഓഡിറ്റിനായി

സമർപ്പിക്കപ്പെട്ടതും, ഓഡിറ്റ് വേളയിൽ ഓൺലൈനായി വാർഷിക ധനകാര്യപ്പത്രിക പരിശോധിച്ച വേളയിൽ താഴെപ്പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

1. ILGMS നിലവിൽ വന്ന തീയതി മുതൽ പഞ്ചായത്തിന്റെ ഭരണ- എസ്റ്റാബ്ലിഷ് മെന്റ് - പ്രവർത്തനച്ചെലവുകളും എല്ലാ ചെലവുകളും " Amount Payble To Other Creditors" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്കാണ് (350 109 999) പോസ്റ്റ് ചെയ്യപ്പെടുന്നത്. ആയതിനാൽ അതിനുശേഷമുള്ള തൻവർഷ റവന്യൂ ചെലവുകൾ ഇൻകം & എക്സ് പെൻഡിച്ചർ പത്രികയിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. 01.04.2020 മുതൽ ILGMS നിലവിൽ വന്ന തീയതിവരെയുള്ള ചെലവുകളാണ് റസീപ്റ്റ് & പേമെന്റ് ഷെഡ്യൂളുകളിൽ പ്രതിഫലിക്കുന്നത്.

2. സാംഖ്യയിൽ ഓരോ ബാങ്ക് / ട്രഷറി അക്കൗണ്ടിനും പ്രത്യേകം ഹെഡ് ഓഫ് അക്കൗണ്ട്സ് ട്രയൽ ബാലൻസിൽ രേഖപ്പെടുത്തപ്പെട്ടിരുന്നു. എന്നാൽ ILGMS-മുഖേന തയ്യാറാക്കിയിരിക്കുന്ന വാർഷിക ധനകാര്യപ്പത്രികയിലെ ട്രയൽ ബാലൻസിൽ താഴെപ്പറയുന്ന പ്രകാരം ബാങ്ക്/ ട്രഷറി എന്നിവയ്ക്കായി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് മാത്രമേ ഉള്ളൂ.

| | |
|---|---|
| 450 210 101 | Nationalised Bank Account For Own Fund Revenue Fund |
| 450 210 101 | Co-Operative Bank Account For Own Fund Revenue Fund |
| 450 210 101 | Post Office Bank Account For Own Fund Revenue Fund |
| 450 210 101 | Treasury Accounts For Traditional Functions Fund |
| 450 210 101 | Treasury Accounts Of Development Funds |

ഇപ്രകാരം തനത് ഫണ്ട് അക്കൗണ്ടുകൾക്കെല്ലാം കൂടി പൊതു ഹെഡ് ഓഫ് അക്കൗണ്ട്സ് ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ട്രാൻസ് സാക്ഷൻ ഡീറ്റയിൽസ് ട്രയൽ ബാലൻസിലൂടെ പരിശോധിക്കാനാവുന്നില്ല. അതേസമയം ട്രഷറി അക്കൗണ്ടുകൾക്ക് തരം തിരിച്ച് ഹെഡ് ഓഫ് അക്കൗണ്ട്സ് നല്കിയിട്ടുമുണ്ട്.

3.സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ ( Birth & Death And Marriage Registration ), സാംഖ്യ ( ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ. ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ ( വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

4. വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ, റസീപ്റ്റ് & പേമെന്റ് , കാഷ് ഫ്ലോ സ്റ്റേറ്റ് മെന്റ് എന്നിവയോടൊപ്പം ലഭ്യമായിരുന്ന ബാലൻസ് ഷീറ്റിന്റെ ഭാഗമായ B1

ഷെഡ്യൂൾ ILGMS അക്കൗണ്ട്സിന്റെ ഭാഗമായി ലഭ്യമാകുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാനോ, കൃത്യത ഉറപ്പുവരുത്താനോ സാധിക്കുന്നില്ല.

5. സാംഖ്യയിൽ നിന്ന് ലഭ്യമായിരുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ചെക്ക് ഇഷ്യൂ രജിസ്റ്റർ, പേമെന്റ് വൗച്ചർ ലിസ്റ്റ് എന്നിവ ഇപ്പോൾ ILGMS-ൽ നിന്ന് ലഭിക്കുന്നില്ല. കൂടാതെ വൗച്ചർ സെർച്ചിംഗ്, വൗച്ചർ ട്രേസിംഗ് എന്നിവ നടത്തുന്നതിനും സഹായകരമായ രീതിയിൽ ബിൽ രജിസ്റ്റർ ILGMS ൽ ചേർക്കേണ്ടതുണ്ട്. നിലവിൽ ഫയൽ നമ്പർ അടിസ്ഥാനത്തിൽ മാത്രമേ വൗച്ചർ സെർച്ച് ചെയ്യാൻ സാധിക്കുകയുള്ളൂ. ആയതിനാൽ വൗച്ചറുകളുടെ തുടർച്ച പരിശോധനവിധേയമാക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് വരെയുള്ള വൗച്ചറുകളുടെ തുടർച്ചയായ പരിശോധന സാധ്യമാകുന്ന തരത്തിൽ ഒരു ബിൽ രജിസ്റ്ററോ, പേയ് മെന്റ് വൗച്ചർ ലിസ്റ്റോ ഇപ്പോൾ ILGMSൽ ലഭ്യമല്ല.

6. അഡ്വാൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ ഇപ്പോൾ ILGMSൽ ഉൾപ്പെടുത്തിയിട്ടില്ല.

7. തൊഴിൽ നികുതി, വാടക , ലൈസൻസ് എന്നിവയുടെ ഡിമാന്റ് ഇപ്പോഴും മാന്വൽ രജിസ്റ്റർ പ്രകാരം തന്നെയാണ് തയ്യാറാക്കുന്നത്. ILGMSൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ചേർത്താൽ മാത്രമേ എല്ലാ വരവിനങ്ങളുടെയും കൃത്യമായ ഡിമാന്റ് കളക്ഷൻ- ബാലൻസ് സ്റ്റേറ്റ് മെന്റ് പരിശോധിക്കാനാവൂ. സഞ്ചയ ആപ്ലിക്കേഷനിൽ ഡിമാന്റിലുള്ള വ്യത്യാസം ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി ക്രമീകരിക്കുന്ന പ്രക്രിയ ഇപ്പോഴും പൂർത്തീകരിക്കപ്പെട്ടിട്ടില്ല.

8. അസറ്റ് രജിസ്റ്റർ സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. എല്ലാ അസറ്റുകളും ഉൾപ്പെടുത്തി അസറ്റ് രജിസ്റ്റർ കാലികമാക്കിയാൽ മാത്രമേ വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിലെ B-11 (A) ഷെഡ്യൂൾ പ്രകാരം ചേർത്തിരിക്കുന്ന Accumulated Depreciation എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനാവൂ.

8. 320800101 -ഗുണഭോക്തൃവിഹിതം ഹെഡിൽ 17,60,557/-രൂപ നീക്കിയിരിപ്പുണ്ട്. ചെലവഴിച്ച തുകയാണെങ്കിൽ ജേണൽ ചെയ്ത് ബാദ്ധ്യത ഹെഡിൽ നിന്നും മാറ്റേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,25,64,367 |
| വരവ് | 8,84,49,859 |
| ആകെ | 10,10,14,226 |
| ചെലവ് | 9,13,58,613 |
| നീക്കിയിരിപ്പ് | 96,55,613 |
| വരവ് നഷ്ടം | 0 |
| ചെലവ് നഷ്ടം | 11,245 |
| തടസ്സപ്പെടുത്തിയ തുക | 12,39,432 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 2,20,81,400 | 2,20,81,400 | 1,95,30,844 | 0 | 25,50,556 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 92,04,320 | 92,04,320 | 91,65,170 | 0 | 39,150 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 84,94,000 | 84,94,000 | 84,94,000 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 39,06,090 | 36,06,090 | 36,06,090 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic) | 0 | 96,59,095 | 96,59,095 | 78,95,802 | 0 | 17,63,293 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | 50,30,000 | 50,30,000 | 12,51,600 | 0 | 37,78,400 |
| കേന്ദ്രാവിഷ്കൃതഫണ്ട് – | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp | 2436 | 1605051 | 1607487 | 1602736 | 4751 | |
| EFMS | 0 | 45068889 | 45068889 | 45068889 | 0 | |
| ICDS- 320 100 125 | 1381785 | 745119 | 2126904 | 1537655 | 589249 | |
| ICDS-320 100 196 | | 492981 | 492981 | 447981 | 45000 | |
| TSC- 320 300103 | 0 | 1163097 | 1163097 | 1013097 | 150000 | |
| Centrally Sponsored Programs- 320 100 131 Mid Day Meal | 0 | 200000 | 200000 | 0 | 200000 | |
| Centrally Sponsored Programs- 320 100 111 | 635978 | 105079 | 741057 | 739230 | 1827 | |
| 320100152 Other Schemes | 0 | 29452 | 29452 | 0 | 29452 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് – | | | | | | |
| 320 100190 വിമുക്തി | 3300 | 0 | 3300 | 0 | 3300 | |
| 320 100160 MN -Housing TRY TSB | 500 | 0 | 500 | 0 | 500 | |
| 320 100197 സാക്ഷരത മിഷൻ ഫണ്ട് | 1067 | 43 | 1110 | 0 | 1110 | |
| 320 100198 ശുചിത്വ മിഷൻ ഫണ്ട് | 1374000 | 2120423 | 3494423 | 1512145 | 1982278 | |
| 320 200 399-Buds School State Sponsored Program | 1463450 | 1394659 | 2858109 | 1335536 | 1522573 | |
| 320 300 199 Other Government Agencies | 19906 | 1600963 | 1620869 | 493864 | 1127005 | |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 10,89,45,676 | 137 | 6,79,70,848 | 24 | 42 | 67.48 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2,436 | 16,05,051 | 16,07,487 | 16,02,736 | 4,751 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 4,50,68,889 | 4,50,68,889 | 4,50,68,889 | 0 |
| ആകെ | 2,436 | 4,66,73,940 | 4,66,76,376 | 4,66,71,625 | 4,751 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 12167700 | 618 |
| വിധവാപെൻഷൻ | 18135900 | 913 |
| വാർദ്ധക്യകാലപെൻഷൻ | 35772100 | 1772 |
| വികലാംഗപെൻഷൻ | 5773300 | 195 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1050200 | 59 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 210000 | 7 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2022 തീയതിയിൽ ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,945 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. കോവിഡ് മൂലം വരുമാനത്തിൽ കുറവുണ്ടായതിനാൽ 2020-21വർഷം വരവിനേക്കാൾ ചെലവ് കൂടുതലായിരുന്നു. അനാമത്ത് ചെലവുകൾ പരമാവധി നിയന്ത്രിക്കേണ്ടതാണ്.

2.ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയൽ സൂക്ഷിപ്പ് ശരിയായ രീതിയിലല്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ കൃത്യമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലാപ്ടോപ്പ്, പഠനോപകരണം തുടങ്ങിയവ ഒരിക്കൽ മാത്രം നൽകാവൂ എന്നതിനാൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

6.പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. *വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്.* ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്ടുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.03.2021 | 2020-21 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.12.2009 | 2004-05 മുതൽ 2008-09 വരെ | 07.01.2010 |

## 1-11 വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

സ.ഉ(അ)നം.36/2015/തസ്വഭവ.തീ:24.02.2015 പ്രകാരം താഴെപ്പറയുന്ന വിവിധ വിനിയോഗ ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞതും കൂടിയതുമായ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.

| ക്രമ നം | കെട്ടിട ഗണം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | റസിഡൻഷ്യൽ ഹോം സ്റ്റേ | 30 | 60 |
| 2 | മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 3 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |
| 4 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് | 3 | 8 |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | | |

എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഈ 4 ഗണങ്ങളിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. സർക്കാർ നിശ്ചയിച്ച നൽകിയ പരിധിക്കുള്ളിൽ നിരക്കുകൾ നിശ്ചയിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/28.06.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ ബാധകമായ നികുതി നിരക്ക് നിശ്ചയിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ അജണ്ട ചേർത്തിട്ടുള്ളതും ആയതിന്റെ തീരുമാനം ലഭ്യമാകുന്ന മുറയ്ക്ക് സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് . കമ്മിറ്റി തീരുമാനമെടുക്കുന്ന മുറയ്ക്ക് തീരുമാനത്തിന്റെയും നിരക്കുകളുടെയും വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

വാർഡ് നമ്പർ 14 ൽ 173/B നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിലുള്ള 18.96 ച.മീ വിസ്തീർണ്ണമുള്ള മൊബൈൽ ടവറിന്റെ 2019-20 മുതലുള്ള വസ്തു നികുതി ഒടുക്കിയതായി കാണുന്നില്ല .വിവരങ്ങൾ താഴെ ചേർക്കുന്നു .

| വർഷം | വസ്തുനികുതി 20% വർദ്ധനവ് ഉൾപ്പെടെ | ലൈബ്രറി സെസ് | ആകെ |
|---|---|---|---|
| 2019-20 | 11376 | 569 | 11945 |
| 2020-21 | 11376 | 569 | 11945 |
| ആകെ | 22752 | 1138 | 23890 |

തുക ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ അവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറി 15/28.06.2022 ന് പഞ്ചായത്ത് മറുപടി നൽകിയതിൽ 2019-20 മുതൽ കൃത്യമായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതും പ്രസ്തുത സമയപരിധിക്കുള്ളിൽ കെട്ടിട നികുതി അടവാക്കാത്തതിനെ തുടർന്ന് ബഹു.ജില്ലാ കളക്ടറുടെ ഓൺലൈൻ RR സൈറ്റിൽ തുക ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതാണെന്ന് രേഖകൾ സഹിതം അറിയിച്ചിട്ടുണ്ട് .തുടർ നടപടികളും തീർപ്പാക്കൽ വിവരങ്ങളും ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13-1 പഞ്ചായത്ത് ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടച്ചിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം 60 ദിവസത്തിലധികം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്നും ചട്ട പ്രകാരം ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് . എന്നാൽ 2020-21 ലേക്കുള്ള ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ ടി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം സൂചിപ്പിച്ചിട്ടുണ്ടെങ്കിലും അവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ലൈസൻസ് നം. | അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | Ecogreentech | 5/635C | A3-7296/2020-21-183 | 3 |
| 2 | Aniomax Fibronet | 6/368A | A3-6841/2020-21-188 | 3 |
| 3 | Blue Coastal Exportesrs (P)L | 10/398A | A3-7033/2020-21-194 | 5 |

| | | | | |
|---|---|---|---|---|
| 4 | Reliance Electronics | 10/389A | A3-1974/2020-21-265 | 3 |
| 5 | Dalia Sawmill | 14/35C | A3-7250/2020-21-275 | 4 |
| 9 | Yahiya Paving Tiles | 8/360A | A3-5481/2020-21-140 | 5 |
| 10 | Thirukochi Residency | 3/281 | A3-6079/2020-21-166 | 10 |
| 12 | Tomys Food Products | 2/266 | A3-3826/2020-21-28 | 6 |
| 13 | Vithayathil Industries | 2/410 | A3-3842/2020-21-29 | 6 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/23.06.2022 ന് ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ജീവനക്കാരുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഒടുക്കിയതിന്റെ രസീത് സഹിതം വിവരം അറിയിക്കേണ്ടതാണ്.

1-13-2 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

കരാർ രജിസ്റ്റർ പ്രകാരം 2020-21 വർഷത്തിൽ പഞ്ചായത്തിലെ മരാമത്ത് വേലകൾ ഏറ്റെടുത്ത് നടത്തിയ താഴെപ്പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | വി.ഓ.ജോസ് |
| 2 | സനോഫ്.പി.ജെ |
| 3 | ജോസ്.കെ.വി |
| 4 | ജോയ്.കെ.എ |
| 5 | കെ.ആർ.സിജു |
| 6 | അബ്ദുൾ റഹ്മാൻ |
| 7 | ജാഫർ |
| 8 | അബൂബക്കർ.കെ.എച്ച് |
| 9 | ബാബു.പി.ടി |
| 10 | സഹീർ.ഇ.എ |
| 11 | ഷാജി.എം |
| 12 | ജോൺസൺ.വി.ഓ |

ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . തുക അടവാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ രസീത് സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 നിയമ വിരുദ്ധമായി ഹോട്ടൽ സമുച്ചയത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് നൽകി

കുന്നുകര പഞ്ചായത്തിലെ വാർഡ് 7ൽ കുന്നുകര വില്ലേജ് തണ്ടപ്പേർ നമ്പർ 16674, സർവ്വേ നമ്പർ 456/14, 456/14-2,458/5,456/5b,456/5a,456/14-1, 456/12, 456/13, 457/1a, 457/1B, 457/1c, 456/8A, 456/8B എന്നിവ പ്രകാരമുള്ള സ്ഥലത്ത് ഗ്രൂപ്പ് A2ഗണത്തിൽ പെടുന്ന ഹോട്ടൽ സമുച്ചയം നിർമ്മിക്കുന്നതിന് 09.02.2021 ൽ കുന്നുകര പഞ്ചായത്തിൽ നിന്നും പെർമിറ്റ് നൽകിയിട്ടുണ്ട്. (പെർമിറ്റ് നമ്പർ A1-BA(24732)/2021 Dtd:12.01.2021). ഹോട്ടൽ ബ്ലോക്ക്, ഡൈനിംഗ് ബ്ലോക്ക്, അഡ്മിൻ ബ്ലോക്ക്, കോട്ടേജുകൾ എന്നിവ ഉൾപ്പെടെ ആകെ 5975.74 ച.മീ നിർമ്മിക്കുന്നതിന് ശ്രീ.വി.എ.ഹസ്സൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഫ്ലോറ ഹെറിറ്റേജ് ആന്റ് കൺവെൻഷൻ സെന്റർ (P) L ന് രസീത് നമ്പർ 1200102280/01.02.2021 പ്രകാരം 58,150 രൂപ പെർമിറ്റ് ഫീ ഈടാക്കി 02.02.2026 വരെ 5 വർഷത്തേക്കാണ് നിർമ്മാണാനുമതി നൽകി കാണുന്നത്. എന്നാൽ താഴെ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം

ആവശ്യമായ യാതൊരു അനുമതി പത്രങ്ങളും ലഭ്യമാക്കാതെ ചട്ടവിരുദ്ധമായാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.

1) ബിൽഡിംഗ് പ്ലാൻ പ്രകാരം ഇതിൽ 6 നിലയുള്ള ഹോട്ടൽ ബ്ലോക്കിന്റെ ഉയരം 22.62 മീറ്ററാണ്. 2019 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് ചട്ടം 5 (4) ലെ ക്രമ നം.12 പ്രകാരം ബിൽഡ് അപ് ഏരിയ 1000 ച.മീ ൽ കവിയുന്നതോ 15 മീറ്റർ ഉയരം അധികരിക്കുന്നതോ ആയ A2 ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് മുൻപ് അഗ്നിരക്ഷാ വകുപ്പ് ഡയറക്ടറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സമ്മതപത്രം വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ആയത് ലഭ്യമാക്കിയിട്ടില്ല .

2) അദ്ധ്യായം 17ലെ ഉയരം കൂടിയ കെട്ടിടങ്ങൾക്കുള്ള സുരക്ഷാ മാനദണ്ഡങ്ങൾ ചട്ടം 81(9) പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയോടൊപ്പം ഭൂകമ്പ പ്രഭാവത്തെക്കുറിച്ച് നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ 2016 ലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള ഒരു സെറ്റ് സ്ട്രക്ചറൽ ഡിസൈനും ഡ്രോയിംഗ്സും സ്ട്രക്ചറൽ എഞ്ചിനീയർ തയ്യാറാക്കി നൽകിയ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും ഉണ്ടായിരിക്കേണ്ടതാണ് .

3) ചട്ടം 81(10) പ്രകാരം ഉയർന്ന കെട്ടിടത്തിന്റെ കാര്യത്തിൽ അപേക്ഷയോടൊപ്പം തൊഴിൽ വകുപ്പ് പ്രസിദ്ധപ്പെടുത്തുന്ന ആരോഗ്യ സുരക്ഷാ മാനുവൽ പ്രകാരമുള്ള കെട്ടിടത്തിന്റെ സുരക്ഷാ പ്ലാൻ ഉണ്ടാകേണ്ടതാണ്.

4) ചട്ടം 40(1) പ്രകാരം NBC ലിഫ്റ്റ് കോഡനുസരിച്ചുള്ള സാക്ഷ്യപത്രം ആർക്കിടെക്റ്റ് ഒപ്പുവെച്ച് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5) ചട്ടം 6(10) പ്രകാരം ഗ്ലാസുപയോഗിക്കുന്ന ഉയരമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്ലാസിന്റെ ഉപയോഗം - മനുഷ്യസുരക്ഷ 2015 ലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിക്കാവുന്നതാണെന്ന് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ടി രേഖകളൊന്നും ലഭ്യമാക്കാതെത്തന്നെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് മറികടന്നു കൊണ്ട് 09.02.2021 ൽ സെക്രട്ടറി പെർമിറ്റ് അനുവദിച്ചു. മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്ന നിബന്ധന മാത്രം പെർമിറ്റിൽ ഉൾപ്പെടുത്തിയാണ് നിർമ്മാണാനുമതി നൽകിയിരിക്കുന്നത്. ഇത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് എതിരാണ് .

6) ഹാജരാക്കിയിരിക്കുന്ന പ്ലാൻ, ഓവർസീയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം ആകെ ബിൽഡ് അപ് ഏരിയ 5841.73 ച.മീ ആണ്. എന്നാൽ അനുവദിച്ച പെർമിറ്റ് പ്രകാരം ആകെ ബിൽഡ് അപ് ഏരിയ 5975.74 ആണ്. ച.മീ ന് 10 രൂപ നിരക്കിൽ പെർമിറ്റ് ഫീ കണക്കാക്കിയാൽ 5975.74X10=59757 രൂപയാണ് വരേണ്ടത്. എന്നാൽ സങ്കേതം പ്രകാരം 58,150/- രൂപയാണ് പെർമിറ്റ് ഫീ ഈടാക്കിയിരിക്കുന്നത്.പെർമിറ്റ് ഫീ കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7) പറവൂർ താലൂക്ക് സർവേയർ നൽകിയ സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച് പ്രകാരം സർവ്വേ നമ്പർ 457/1C (13.05 Ares) നിലം പുറമ്പോക്ക് ഭൂമി എന്നാണ് കാണിച്ചിട്ടുള്ളത്. ടി സ്ഥലം പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഉണ്ടെങ്കിൽ പുറമ്പോക്ക് ഭൂമിയിൽ കെട്ടിടം പണിയാൻ അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

8) സൈറ്റ് പ്ലാൻ പ്രകാരം FSI, കവറേജ് എന്നിവ കണക്കാക്കുന്നതിന് ആകെ പ്ലോട്ട് വിസ്തീർണ്ണം 33694 ച.മീ ആണ്. എന്നാൽ കരം അടച്ച രസീത് പ്രകാരം കുന്നുകര വില്ലേജിൽ തണ്ടപ്പേർ നമ്പർ 16674 ൽ താഴെപ്പറയുന്ന സർവേ നമ്പറിൽ പെട്ട സ്ഥലങ്ങൾ നിലം എന്ന് കാണുന്നു .

| ക്രമ നം | സർവേ നമ്പർ | സ്ഥല വിസ്തീർണ്ണം |
|---|---|---|
| 1 | 456/13-3 | 8 Are 15 M2 |
| 2 | 456/5B-3 | 8 Are 90 M2 |
| 3 | 458/5-4 | 91 M2 |

| | | |
|---|---|---|
| 4 | 458/5-5 | 3 Are 3m2 |
| 5 | 456/5B-4 | 3 Are 24 M2 |
| 6 | 458/8-6 | 6 Are 88 M2 |
| 7 | 457/1B-2 | 6 Are 88m2 |
| 8 | 458/13-24 | 3 Are 81 M2 |
| 9 | 458/11 | 4 Are 85 M2 |
| 10 | 458/2A-9 | 2 Are 2m2 |
| 11 | 458/8-2-2 | 71 M2 |
| 12 | 456/12-3 | 2 Are 2 M2 |
| 13 | 458/8-2 | 5 Are 77 M2 |
| 14 | 458/8-2-3 | 8 Are 9 M2 |
| 15 | 456/12-2 | 15 Are 18 M2 |
| 16 | 456/8B | 7 Are 28 M2 |
| 17 | 457/1C-4 | 13 Are 5 M2 |
| 18 | 456/13-2 | 5 Are 44 M2 |
| | ആകെ | 10621 M2 |

പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം ആകെ 37308 ച. മീ സ്ഥലം ഇവിടെ ടിയാന്റെ കൈവശമുണ്ട്. 29.01.2021 ൽ സെക്രട്ടറി നൽകിയ കത്തിലും 09.02.2021 ൽ നൽകിയ പെർമിറ്റിലും കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് നികത്തു ഭൂമിയായ വസ്തു റെഗുലറൈസ് ചെയ്യേണ്ടതാണെന്ന് അറിയിച്ചിരുന്നു. ഇതിന് കക്ഷി നൽകിയിട്ടുള്ള മറുപടിയിൽ BTR ൽ പുരയിടമായി സ്ഥിതി ചെയ്യുന്ന വസ്തുവിൽ മാത്രമാണ് കെട്ടിടം പണിയുന്നതെന്നും അത് താലൂക്ക് സർവേയർ അളന്നു തിട്ടപ്പെടുത്തിയ സ്കെച്ചിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ടി സ്കെച്ച് പരിശോധിച്ചതിൽ ആകെ 26596 ച.മീ സ്ഥലം മാത്രമാണ് പുരയിടമായി ഉള്ളത്. 33694 ച.മീ സ്ഥലത്താണ് കെട്ടിടം പണിയാൻ പ്ലാൻ സമർപ്പിച്ച കാണുന്നത്. നിലം ആയി രേഖപ്പെടുത്തിയ സ്ഥലത്ത് രേഖകൾ പരിശോധിക്കാതെ നിർമ്മാണാനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല ടി സ്ഥലം ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണോ എന്നവിവരം അറിയിക്കേണ്ടതാണ്. (ഡാറ്റാ ബാങ്ക് ഹാജരാക്കിയിട്ടില്ല). വില്ലേജ് രേഖകൾ പ്രകാരം നിലം ആയിരിക്കുന്ന സ്ഥലം ഉൾപ്പെടുത്തിയാണോ FSI, കവറേജ് മുതലായവ കണക്കാക്കിയിരിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിന് പ്ലാൻ പുന:പരിശോധിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറി നമ്പർ17/29.06.2022 ന് പഞ്ചായത്ത് മറുപടി നൽകിയില്ല .അവശ്യരേഖകൾ ലഭ്യമാക്കാതെയും നിലം/പുറമ്പോക്ക് ഭൂമിയിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയതിനും മേൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതും പ്ലാൻ പുന:പരിശോധിച്ച് നിയമ പ്രകാരമല്ലാതെ നൽകിയ പെർമിറ്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ ബോധിപ്പിക്കേണ്ടതുമാണ്.

1-15 പഞ്ചായത്ത് വാടകക്ക് നൽകിയിരിക്കുന്ന കെട്ടിടങ്ങൾ ലൈസൻസ് പുതുക്കിയില്ല

പഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2020-21 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കാത്തതായി കാണുന്നു . വിവരങ്ങൾ താഴെ ചേർക്കുന്നു .

| ക്രമ നം | കെട്ടിട നം | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | 10/217(5) | ഡാർലിൻ ജോസഫ് |
| 2 | 10/221(9) | ജാഫർഖാൻ.എം.എച്ച് |
| 3 | 10/222(10) | ജലീൽകെ.എ |
| 4 | 10/223(12) | ലൈല അബ്ദുൾ റഹ്മാൻ |
| 5 | 10/224(13) | ഹംസ വാലത്തുപറമ്പിൽ |

| | | |
|---|---|---|
| 6 | 10/226(15) | പി.പി.ഡേവിസ്, പാലാട്ടി |
| 7 | 10/227(16) | എ.എം.ശശി |
| 8 | 10/231A(21) | ശ്രീകല, പള്ളത്തുപറമ്പ് |
| 9 | 10/231B(22) | ബിജി ബിജു |
| 10 | 10/231C | താഹിറ |
| 11 | 10/231 C2 | സിമി വിനോദ് |
| 12 | 10/231 C3 | ഷീബ പൌലോസ് |
| 13 | 10/231 F | സൗമ്യ |
| 14 | 10/231 E | ടിന്റു ബിജു |
| 15 | 10/231 H | ബീന നാസർ |
| 16 | 10/231F1 | നസീബ |

എന്നാൽ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകുന്ന ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസ് ഇനത്തിൽ പഞ്ചായത്ത് 100 % കളക്ഷൻ കൈവരിച്ചിരിക്കുന്നതായി കാണിച്ചിരിക്കുന്നു. ഇതിൽ നിന്ന് തന്നെ ലൈസൻസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തിയാണ് ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിരിക്കുന്നത് എന്ന് വ്യക്തമാണ്. ആകെ 321 സ്ഥാപനങ്ങളാണ് 2020-21 ൽ ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറി നമ്പർ 5/23.06.2022 ന് പഞ്ചായത്ത് നൽകിയ മറുപടിയിൽ മേൽ ക്രമ നം. 11ലെ സിമി വിനോദ് എന്ന വ്യക്തി കോവിഡ് സാമ്പത്തിക പ്രതിസന്ധി മൂലമുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾ താങ്ങാനാവാതെ വാടക ഒഴിഞ്ഞ് പോയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി കടമുറി പുനർ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. ക്രമനമ്പർ 9 ലെ ബിജി ബിജു എന്ന വ്യക്തി അക്ഷയകേന്ദ്രമാണ് നടത്തുന്നതെന്ന് മറുപടി തന്നിട്ടുണ്ട് . അക്ഷയകേന്ദ്രങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ലൈസൻസ് തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് .തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 ചൈതന്യ മഹിളാസമാജം എസ് സി വനിതാ തയ്യൽ യൂണിറ്റ് - സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായുള്ള ചെലവ് തടസ്സപ്പെടുത്തുന്നു.

SO 041/21 നമ്പർ ആയി വനിത യൂണിറ്റുകൾക്ക് തയ്യൽ മെഷീൻ എന്ന പ്രോജക്ട് പ്രകാരം വിഇഒ കുന്നുകര നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രളയത്തിൽ നശിച്ച വാർഡ് 14 – ലെ ചൈതന്യ മഹിളാസമാജം എന്ന എസ് സി വനിതാ തയ്യൽ യൂണിറ്റിന് ബിൽ നമ്പർ 700899464/6.1.21 പ്രകാരം 101416 രൂപക്ക് ബിപിആർഎ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽനിന്നും ടെണ്ടർ മുഖേന തയ്യൽ മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി വിഇഒ ആറ്റുപുറത്തെ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുമതലപ്പെടുത്തി 15.6.2020 -ലെ 1 (2) -ാം നമ്പർ തീരുമാനം പ്രകാരം അടിയന്തിര കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. (നിർവ്വഹണം നടത്തിയത് വിഇഒ കുന്നുകര ആണ്). നിർവ്വഹണം നടത്തിയത് വി.ഇ.ഒ ആണെങ്കിലും കമ്മിറ്റി തീരുമാനം അനുസരിച്ചാണ് ഇത് നടപ്പാക്കിയിരിക്കുന്നത്. താഴെ പ്പറയുന്ന പ്രകാരമുള്ള ഇനങ്ങളാണ് 100% സബ്സിഡി ആയി വാങ്ങി നൽകിയിരിക്കുന്നത്.

ഇൻവോയ്സ് നമ്പർ - 62/29.9.20

| ക്രമ നം. | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | സ്റ്റിച്ചിംഗ് മെഷീൻ | 5 | 35645 |
| 2 | ലോക്ക് | 1 | 14539 |

| | | | |
|---|---|---|---|
| | സ്യൂയിംഗ് മെഷീന് | | |
| 3 | എംബ്രോയിഡറി മെഷീൻ | 1 | 11800 |
| 4 | സ്റ്റൂൾ | 7 | 9093 |
| 5 | കയ്യില്ലാത്ത കസേര | 30 | 12240 |
| 6 | അലമാര | 1 | 13849 |
| 7 | സ്റ്റീൽ റാക്ക് | 1 | 4250 |
| | ആകെ | | 101416 |

13- ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം ഫർണീച്ചർ ഇനങ്ങൾക്ക് സബ്സിഡി നൽകുവാൻ പാടുള്ളതല്ല. എന്നാൽ ക്രമനമ്പർ 4 മുതൽ 7 വരെയുള്ള ഇനങ്ങൾ 100% സബ്സിഡി ആയി വാങ്ങി നൽകിയിട്ടുണ്ട്.

സ.ഉ. (കൈ)നം. 170/2019/തസ്വഭവ, തീയതി 23.12.2019 നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 3-3.4 പ്രകാരം പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് സബ്സിഡി മാർഗ്ഗരേഖ അനുസരിച്ചുള്ള യൂണിറ്റ് കോസ്റ്റിന്റെ 100% വരെ സബ്സിഡി ആയി അനുവദിക്കാമെങ്കിലും ഫർണീച്ചർ ഇനങ്ങൾ മാർഗ്ഗരേഖ പ്രകാരം നൽകാവുന്നതല്ല. തന്നെയുമല്ല കസേര 30 എണ്ണം വാങ്ങി നൽകിയതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കിയിട്ടില്ല.

തന്നെയുമല്ല മേൽ ഉത്തരവ് ഖണ്ഡിക 3-3.2 പ്രകാരം തദ്ദേശഭരണ സ്ഥാപന പ്രദേശത്തുള്ള സർവ്വീസ് സഹകരണ ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും വായ്പാ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അതൊന്നും പരിഗണിക്കാതെ മുഴുവൻ ചെലവുകളും പദ്ധതി വിഹിതത്തിൽനിന്നു തന്നെയാണ് നടത്തിയിരിക്കുന്നത്. കൂടാതെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് വിവിധ വകുപ്പുകൾ മുഖേന ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളതാണ്. ഈ ഗ്രൂപ്പിനും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതിനാൽ ഇപ്രകാരം വിവിധ വകുപ്പുകൾ മുഖേനയുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോ എന്ന കാര്യവും വ്യക്തമാക്കിയിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായുള്ള ചെലവായതിനാൽ പട്ടികയിലെ ക്രമനമ്പർ 4 മുതൽ 7 വരെയുള്ള ഇനങ്ങൾക്ക് വേണ്ടി ചെലവഴിച്ച 39432/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-17 ലൈഫ് മിഷൻ പദ്ധതിപ്രകാരം ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി നിലം ആയ വസ്തു വാങ്ങി

പ്രോജക്ട് നമ്പർ S00136/21 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയും S00137/21 പ്രകാരം സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥരായി ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി ഭൂരഹിത ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിനായി 44 ആർ 11 ച.മീ. വസ്തു വാങ്ങിയിട്ടുണ്ട്. ആകെ വസ്തുവിന്റെ വില 1,19,90,000/- രൂപയാണ്. ഇതിൽ 39,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 2019-20 വർഷത്തെ പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളതാണ്. സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷത്തെ ചെലവ് താഴെപ്പറയുംപ്രകാരമാണ്.

| പ്രോജക്ട് നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക | ഇനം |
|---|---|---|---|
| S00137/21 | സെക്രട്ടറി | 4000000 | ജില്ലാ പഞ്ചായത്ത് വിഹിതം |
| S00136/21 | അസിസ്റ്റന്റ് സെക്രട്ടറി " | 550781 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| | | 3679219 | എസ് സി പി പദ്ധതി വിഹിതം |
| ആകെ | | 8230000 | |

മുൻവർഷം ചെലവഴിച്ച 39,00,000 രൂപ ഉൾപ്പെടെ ഈയിനത്തിൽ ആകെ 1,21,30,000/- രൂപ 1,19,90,000 രൂപക്ക് പകരം ചെലവാക്കിയിട്ടുണ്ട്. വ്യത്യാസം വന്ന 140000 രൂപ എസ് സി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നൽകിയതിന്റെ തുക കൂടി ഇതിൽ ചേർത്തതാണെന്നാണ് അധികൃതർ വിശദീകരിച്ചത്.

20.3.2020-ൽ ആധാരം നടത്തിയ ഈ വസ്തുവിന്റെ ആധാരത്തിലെ പേജ് 10 – ൽ പട്ടികയിൽ ക്രമനമ്പർ 14 – ൽ ഈ വസ്തു നിലം ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പത്രപ്പരസ്യം അനുസരിച്ച് ലഭിച്ച അപേക്ഷകളിൽ പഞ്ചായത്ത് നിയോഗിച്ച സബ് കമ്മിറ്റി സ്ഥലപരിശോധന നടത്തിയാണ് സ്ഥലം വാങ്ങിയത് എന്നുള്ള കാര്യവും ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് . നിലം ആയ വസ്തു ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി അനുയോജ്യമാണോ എന്ന കാര്യം പരിശോധിച്ചതിന്റെ വിവരങ്ങൾ ഇല്ല.

നിലവിൽ ഈ വസ്തുവിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല. ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിച്ച നൽകി അവരെ പുനരുദ്ധരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-18 സിസിടിവി സ്ഥാപിക്കുന്നതിന് തുക നൽകിയെങ്കിലും സ്ഥാപിച്ചിട്ടില്ല - 1200000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ 131/21 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സിസിടിവി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് വർക്ക് ആയി പിഡബ്ല്യുഡി ഇലക്ട്രോണിക്സ് ഡിവിഷൻ തൃശ്ശൂരിന് ബിൽ നമ്പർ 191103520029012434 51/11.2.20 പ്രകാരം നൽകിയിട്ടുണ്ട്. PWD ഇലക്ട്രിക്കൽ ഡിവിഷൻ അസി. എക്സി. എഞ്ചിനീയറുടെ 26.10.2019 -ലെ EDT 1175/19 നമ്പർ കത്ത് പ്രകാരം 1170732/- രൂപയുടെ എസ്റ്റിമേറ്റ് തുകയും 2.5% സെന്റേജ് ചാർജും ഉൾപ്പെടെ ആകെ 1200000/- രൂപയാണ് കണക്കാക്കിയിരിക്കുന്നത്. കോവിഡിന്റെ സാഹചര്യത്തിൽ പൂർത്തീകരിച്ച പദ്ധതികളുടെ തുക നൽകുവാനുള്ളതിനാൽ മേൽപ്പറഞ്ഞ ബിൽ തുകയുടെ റികിസിഷൻ ക്യാൻസൽ ചെയ്യണമെന്നാവശ്യപ്പെട്ട് അഞ്ചു മാസത്തിനു ശേഷം 28.7.2020 – ൽ എസി - 3069/19 നമ്പർ കത്ത് പ്രകാരം പറവൂർ സബ്ട്രഷറി ഓഫീസർക്ക് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ഈ തുക തിരികെ ലഭ്യമായതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പിന്നീട് 201103520029013 08014/20.3.21 പ്രകാരം 1200000/- രൂപ സെക്രട്ടറിക്ക് വേണ്ടി 799013000000686 നമ്പർ അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. ഈ തുകക്കുള്ള ചലാൻ ലഭിച്ചതായി 28.9.2021 – ൽ അസി. എക്സി. എഞ്ചിനീയർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. ഈ വർക്ക് ഇതുവരെയും തുടങ്ങിയിട്ടില്ല. ഈ സാഹചര്യത്തിൽ 1200000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-19 തൊഴിലുറപ്പ് പദ്ധതി-സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി.- ടി.ഡി.എസ് ഈടാക്കുന്നില്ല

2017 ലെ ജി,എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപക്ക് മുകളിൽ കരാർ തുക വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2 % തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിൽ അടവാക്കേണ്ടതുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ സാമ്പത്തിക ഇടപാടുകളും എം.ഐ.എസിലൂടെ നടത്തുന്നതുകൊണ്ടും, ജി.എസ്.ടി കുറവ് ചെയ്യാൻ അതിൽ സംവിധാനമില്ലാത്തതിനാലും, അപ്രകാരം ശരിയാകുന്നതുവരെ സപ്ലൈയർ അന്തിമ ബിൽ പ്രകാരമുള്ള ജി.എസ്.ടി തുക ഗ്രാമ പഞ്ചായത്തിൽ നേരിട്ട് അടവാക്കിയെന്ന് ഉറപ്പ് വരുത്തി ബിൽ സെറ്റിൽ ചെയ്യാൻ തൊഴിലുറപ്പ് പദ്ധതി കേരള മിഷൻ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു (30.07.2019 ലെ 957/ഇ.ജി.എസ്-സി/10/ആർ.ഇ.ജി.എസ് നമ്പർ കത്ത്). എന്നാൽ മേൽ നിർദ്ദേശം പാലിക്കാതെയാണ് 2020-21വർഷത്തിൽ കുന്നുകര ഗ്രാമ പഞ്ചായത്തിൽ നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത താഴെ പറയുന്ന കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മറ്റീരിയൽ സപ്ലൈ | കരാർ തുക | കരാറുകാരന് | ഈടാക്കേണ്ട ജി.എസ്.ടി |
|---|---|---|---|---|---|

| | | ചെയ്ത കരാറുകാരന്റെ പേര് | | നൽകിയ തുക | ടി.ഡി.എസ് (2%) |
|---|---|---|---|---|---|
| 1 | നടപ്പാത നിർമ്മാണം വാർഡ് 2 | സിജ്ജ കെ.ആർ | 432656 | 336054 | 6721 |
| 2 | നടപ്പാത നിർമ്മാണം വാർഡ് 7 | സുജി കെ.ആർ | 425637 | 425637 | 8512 |
| 3 | നടപ്പാത നിർമ്മാണം വാർഡ് 10 | സിജ്ജ കെ ആർ | 420638 | 296300 | 5926 |
| 4 | നടപ്പാത നിർമ്മാണം വാർഡ് 10 | സിജ്ജ കെ ആർ | 420638 | 315000 | 6300 |
| ആകെ തുക | | | | | 27,459 |

കരാറുകാരന് നൽകിയിട്ടുള്ള തുകയുടെ 2 % ജി.എസ്.ടി ടി.ഡി.എസ് പഞ്ചായത്തിൽ ഒടുക്കി റിട്ടേൺ ഫയൽ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധിക തുക നൽകിയത് തിരികെ ഈടാക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S6/20-21, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 6,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക-1,18,440/- | ബിൽ നം 396/22.03.2021-73,576/-<br>ബിൽ നം 427/26.03.2021-1424/-<br>ബിൽ നം 432/26.03.2021-16,245/-<br>ബിൽ നം 453/30.03.2021-27195/-<br>1,18,440/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയിൽ ധാരാളം അപാകതകളുണ്ടായിട്ടുണ്ട്. സബ്സീഡി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിനേക്കാൾ അധികം തുക നൽകിയതുവഴി 11,245/-രൂപയുടെ അധികച്ചെലവുണ്ടായി. അധികം നൽകിയ 11,245/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അപാകതകളുടെ വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ

ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-21 ലൈഫ് ഭവന പദ്ധതി (എസ്.സി)-ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

പട്ടികജാതി വിഭാഗത്തിൽ ലൈഫ് ഭവന പദ്ധതിക്കായി 2020-21 വർഷം ബ്ലോക്ക് ഷെയർ ഉൾപ്പെടെ 19,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 36പേരാണ് എസ്.സി വിഭാഗത്തിൽ നാളിതു വരെ ഈ ഭവനപദ്ധതിക്കായി കരാറിലേർപ്പെട്ടിരിക്കുന്നത്. ഇതിൽ 19 പേരുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 17 ഗുണഭോക്താക്കളിൽ മഞ്ജു ടി.എ എന്ന ഗുണഭോക്താഴികെ ഉള്ളവരുടെ ഭവനനിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

മഞ്ജു ടി. എ എന്ന ഗുണഭോക്താവിന് 30.01.2019 ൽ ആദ്യ ഗഡുവായി 40,000/- രൂപ നൽകിയിട്ടുണ്ട്. കരാറിലേർപ്പെട്ട് ഒരു വർഷത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കണമെന്നിരിക്കെ, ആദ്യദഗു കൈപ്പറ്റി രണ്ട് വർഷം കഴിഞ്ഞിട്ടും തുടർനടപടികൾ ഇല്ലാത്തത് പരിശോധിക്കേണ്ടതാണ്. മഞ്ജു ടി. എ എന്ന ഗുണഭോക്താവിന് ഭവനനിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശ്യമില്ലെങ്കിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്ന മുറക്ക് വിവരം അറിയിക്കേണ്ടതാണ്.

### 1-22 കോവിഡ് പ്രതിരോധ പ്രവർത്തനം-അവലോകനം

കുന്നുകര ഗ്രാമപഞ്ചായത്തിൽ 3514 പേർ കൊവിഡ് ബാധിതരാവുകയും 40പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നടന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ 21.06.2022 ലെ 2 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് പരാമർശം ഉൾപ്പെടുത്തിയിട്ടുള്ളത്.

പഞ്ചായത്ത് തലത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകുകയും, തിരിച്ചറിയൽ കാർഡ് നൽകി സന്നദ്ധപ്രവർത്തനങ്ങളിൽ പങ്കെടുപ്പിച്ചിട്ടുമുണ്ട്. രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിനും ഭക്ഷണം, മരുന്ന് എന്നിവ സജ്ജമാക്കുന്നതിനും ഇവരുടെ സേവനം പ്രയോജനപ്പെടുത്തി. പഞ്ചായത്ത് തലത്തിൽ ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. അദ്ധ്യാപകരെയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരെയും അങ്കണവാടി ജീവനക്കാരെയും ആശാപ്രവർത്തകരെയുമാണ് ഇതിനായി ഉപയോഗിച്ചത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തനായി മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുകയും വാർറൂം പ്രവർത്തനം വഴി ഏകോപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാർഡ് തലത്തിൽ വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല കമ്മിറ്റികൾ രൂപീകരിക്കുകയും, കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തകരെ പങ്കെടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർമാർ എന്നിവരടങ്ങുന്ന നിരീക്ഷണസമിതി എല്ലാ ആഴ്ചയും യോഗം ചേർന്ന് വാർഡ് തലസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിരുന്നു.

പഞ്ചായത്തിൽ എഫ് എൽ ടി സി-ക്ക് കുറ്റിപ്പുഴ, അയിരൂർ സ്കൂളുകളിൽ സൗകര്യമൊരുക്കി പ്രവർത്തനം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായി ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് പദ്ധതി പണം ( പ്രോജക്റ്റ് നം ) ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ ആരംഭിച്ച് ഭക്ഷണം വിതരണം ചെയ്തിരുന്നു.

കുട്ടികൾക്ക് ഓൺലൈൻ പഠനസൗകര്യമൊരുക്കുന്നതിനായി GO (Rt) No 1269/20/LSGD Dated 25.06.2020 ഉത്തരവ് പ്രകാരം KSFE യുമായി സഹകരിച്ച് 22 സ്മാർട്ട് ടിവികൾ വാങ്ങി അങ്കണവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായ് നോഡൽ ഓഫീസറുടെ പേരിൽ കാത്തലിക് സിറിയൻ ബാങ്ക് കുന്നുകര ബ്രാഞ്ചിൽ അക്കൗണ്ട് തുടങ്ങിയിരുന്നു (നം 000704155317190001). ഈ അക്കൗണ്ടിൽ നിലവിൽ 71,909/-രൂപ നീക്കിയിരിപ്പുണ്ട്. ഇത് തനതുഫണ്ടിലേക്ക് തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കേണ്ടതാണ്.

കോവിഡ് വ്യാപനം രൂക്ഷമായിരുന്ന കാലഘട്ടത്തിൽ രോഗികളെ FLTC കളിലേക്കും, വിവിധ ആശുപത്രികളിലേക്കും കൊണ്ടുപോകാനായി വാടകയ്ക്ക് വാഹനങ്ങൾ ഉപയോഗിച്ചതിന് തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്.

കോവിഡ് രോഗപ്രതിരോധപ്രവർത്തനങ്ങളിൽ അടിയന്തിരമായതും, ഒഴിവാക്കാനാവത്തതുമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് ചെലവഴിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വിവേചനാധികാരം ഉണ്ടെങ്കിലും, വാടക, താല്ക്കാലിക ജീവനക്കാരുടെ വേതനം തുടങ്ങിയ ചെലവുകൾ പരിധിവിട്ട് പോകാതിരിക്കാനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-23 മരാമത്ത് പ്രവർത്തികൾ- പൊതു അപാകതകൾ

മരാമത്ത് പ്രവർത്തികളുടെ ഫയലുകൾ പൊതുവിൽ നല്ല നിലയിൽ സൂക്ഷിച്ചിട്ടുണ്ട്.എങ്കിലും താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1) വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കുന്നില്ല. പ്രവൃത്തിക്ക് മുമ്പുള്ള സൈറ്റിന്റെ അവസ്ഥ വ്യക്തമാക്കി, ചെയ്യാനുദ്ദേശിക്കുന്ന ഇനങ്ങളുടെ ഏകദേശവിവരവും അടങ്കൽ വിവരവും ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് റിപ്പോർട്ട് നിർബന്ധമായും ഫയലിൽ ഉണ്ടാകേണ്ടതാണ്.

2) സാങ്കേതികാനുമതി ലഭിച്ചതിന്റെ വിവരം ചില ഫയലുകളിൽ കണ്ടില്ല. മൽസരാധിഷ്ഠിത ടെണ്ടറുകൾ ഒട്ടുംതന്നെയില്ല. എസ്റ്റിമേറ്റ് നിരക്കിൽതന്നെയാണ് ഭൂരിഭാഗം പ്രവൃത്തികളും നടത്തിയിട്ടുള്ളത്. ലഭിക്കുന്ന രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കും മറ്റൊരെണ്ണം എസ്റ്റിമേറ്റ് നിരക്കിൽ കൂടുതലും രേഖപ്പെടുത്തിയുള്ള ടെണ്ടറുകളാണ് പൊതുവെ കണ്ടത്.

3) ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

4) ടെൻഡർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. കേരള പൊതുമരാമത്ത് ചട്ടങ്ങൾ (ചട്ടം 10-7 പ്രകാരം ടെൻഡർ തുറക്കുന്ന സമയത്ത് ഹാജരായിട്ടുള്ള കരാറുകാരോ പ്രതിനിധികളോ ടെൻഡർ രജിസ്റ്ററിൽ ഒപ്പ് വെക്കേണ്ടതുണ്ട്. കൂടാതെ ടെൻഡർ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തേണ്ടതുമുണ്ട്.

5) ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവർത്തികളുടെ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ ദൈർഘ്യം കാണിക്കുന്ന ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-24 പള്ളിക്കുന്നത്ത് റോഡ് റീ ടാറിംഗ്-എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത- കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | 69/21, കുന്നകര പഞ്ചായത്ത് വാർഡ് 6 പള്ളിക്കുന്നത്ത് റോഡ് റീ ടാറിംഗ്. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി ,തുക | LSGD /TS/69537/2020-21 (മെയിന്റനൻസ് ഗ്രാന്റ്-റോഡ് ഫണ്ട്) |
| കരാറുകാരൻ | ശ്രീ.സി.ഇ. ജാഫർ |
| കരാർ ഉടമ്പടി നം., കരാർ തുക | 62/AE/LSGD/KKA/20-21/ തീയതി.02.11.2020. |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 192/20-21,, 3,28,177/-രൂപ |
| ചെലവ് വിവരം | 3,28,177/- (ബിൽ നം 56/20.03.2021) |

പഞ്ചായത്തിലെ വാർഡ് 6 പള്ളിക്കുന്നത്ത് റോഡ് റീ ടാറിംഗ്. പ്രവൃത്തിക്കായി ആവിഷ്കരിച്ച പദ്ധതിയാണിത്. ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (എസ്റ്റിമേറ്റ് നിരക്ക്) ശ്രീ.ജാഫർ സി.ഇ യുമായി കരാറിലേർപ്പെട്ട് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്. Mord Data യിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ Cost Index 39.89 % ചേർത്താണ് ഓരോ ഐറ്റത്തിനും നിരക്ക്

നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ Seal Coat എന്ന ഇനം ചെയ്യുന്നതിന് സമാനമായ മറ്റ് പദ്ധതികളേക്കാൾ അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. ആ കാലയളവിൽ സാങ്കേതാകാനുമതി കിട്ടിയ റീടാറിംഗ് പ്രവൃത്തികൾക്കെല്ലാം 75.5.12.A.3.2pb എന്ന Specification പ്രകാരം 62.51/ച.മീ എന്ന നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ മേൽ പ്രവൃത്തിക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിൽ സീൽക്കോട്ടിന് 75.5.12.A.1.2pb എന്ന Specification പ്രകാരം 76.37/ച.മീ എന്ന നിരക്കാണ് നൽകിയിട്ടുള്ളത് . സീൽകോട്ടിന് മാത്രമാണ് നിരക്കിൽ ഇത്തരമൊരു വ്യത്യാസമുണ്ടായിട്ടുള്ളത്. ഇക്കാരണത്താൽ കരാറുകാരന് താഴെ കാണുംവിധം അധികം തുക നൽകിയിട്ടുണ്ട്.

| ഇനം | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് | അധികം നൽകിയത് |
|---|---|---|---|
| ഇനം 8 സീൽകോട്ട്( MB പേജ് നം 16) | 534 M2 @ 76.37= 40,782+ 12 % GST | 534m2 @ 62.51=33,380+ 12 % GST | 7402+12 % GST=8290/-രൂപ |

അപാകത പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നലകിയ ഓഡിറ്റ് എൻക്വയറി (നം )നൽകിയതനുസരിച്ച് 1220100955/G071305/29.06.2022 നമ്പർ രസീത് പ്രകാരം 8290/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ശരിയായ സ്പെസിഫിക്കേഷനനുസരിച്ച് തന്നെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.മെയിന്റനൻസ് ഗ്രാന്റ്-റോഡ് ഫണ്ട് ചെലവഴിച്ച പദ്ധതിയായതിനാൽ തിരികെ ഈടാക്കിയ തുക ആ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

1-25 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ടോയ്‌ലെറ്റ് നിർമ്മാണം-എസ്റ്റിമേറ്റ് പ്രകാരമുള്ള വസ്തുക്കൾ ഉപയോഗിച്ചില്ല-കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | 219/21, കുന്നുകര പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ടോയ്‌ലെറ്റ് നിർമ്മാണം. |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| സാങ്കേതികാനുമതി , തുക | LSGD /TS/91327/2020-21 3,00,000/-(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| കരാറുകാരൻ | ശ്രീ. കെ.എച്ച്.അബൂബക്കർ |
| കരാർ ഉടമ്പടി നം., കരാർ തുക | 72/AE/LSGD/KKA/20-21/ തീയതി.06.02.2021. |
| എം ബുക്ക്, ആകെ പ്രവൃത്തി മൂല്യം. | 192/20-21, 2,50,845/- |
| ചെലവ് വിവരം | 2,50,845/- (വൗച്ചർ നം 2000138/06.11.2020/-) |

പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിൽ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം ഒന്നാം നിലയിൽ ആകെ 4 ടോയ്‌ലെറ്റുകളാണ് നിർമ്മിച്ചിട്ടുള്ളത്. DSoR 2016 പ്രകാരമുള്ള നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കിയ ഈ പ്രവൃത്തിയുടെ ആകെ നിർമ്മാണ ചെലവ് 2,50,845/- രൂപയാണ്. സൈറ്റ് നേരിട്ട് പരിശോധിച്ചതിൽ താഴെ പറയുന്ന ഇനം പ്രവൃത്തികളിൽ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്ത സ്പെസിഫിക്കേഷനുള്ള വസ്തുക്കളാണ് നിർമ്മാണത്തിന് ഉപയോഗിച്ചിരിക്കുന്നതെന്ന് കണ്ടു.

ഇനം 1.10 പ്രകാരം ഫ്ലോറിംഗിന് 11.41.2 സ്പെസിഫിക്കേഷൻ പ്രകാരമുള്ള 600x600 Mm വിട്രിഫൈഡ് ടൈലിന്റെ നിരക്ക് നൽകിയിട്ടുണ്ട് . എന്നാൽ 300x300 Mm സിറാമിക് ടൈലാണ് വിരിച്ചിട്ടുള്ളത്. ഇനം

1.12 പ്രകാരം ചെയ്ത വാഷ്ബേസിനും, 1.29 പ്രകാരമുള്ള കണ്ണാടിയും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ല സ്ഥാപിച്ചിരിക്കുന്നതെന്ന് സൈറ്റ് പരിശോധനയിൽ ബോധ്യപ്പെട്ടതാണ്. ഇക്കാരണത്താൽ കരാറുകാരന് താഴെ കാണുംവിധം അധികം തുക നൽകിയിട്ടുണ്ട്.

| ഇനം | നൽകിയ നിരക്ക് | നൽകാവുന്ന നിരക്ക് | അധികം നൽകിയത് |
|---|---|---|---|
| ഫ്ലോറിംഗ് | 18.252 M2 @ 1563.93= 28581.35 + 12 % GST | 18.252 M2 @ 1046.23= 19095.79+ 12 % GST (ഇനം11.38 പ്രകാരമുള്ള നിരക്ക്) | 9485.56+ 12 % GST= 10624/- |
| വാഷ് ബേസിൻ | DSR ഇനം 17.7.2 പ്രകാരം 630X450 Mm വലിപ്പമുള്ളതിന്റെ നിരക്ക്-2826.62 +12 % GST | സ്ഥാപിച്ചത് 450X 300mm വലിപ്പമുള്ളത്- DSR ഇനം 17.7.7 പ്രകാരം നൽകാവുന്ന നിരക്ക്- 2232/-+12 % GST | 594+12 % GST=665/- |
| കണ്ണാടി | DSR ഇനം 17.32.3പ്രകാരം 450 X 350 Mm വലിപ്പമുള്ള Oval Shaped മിററിന്റെ നിരക്ക്-1132.41 +12 % GST | സ്ഥാപിച്ചതിന്റെ കൃത്യമായ അളവ് പരിശോധി ക്കാനായില്ല | - |
| ആകെ | | | 11,289/- |

യഥാർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന സാധനങ്ങൾക്ക് DSoR 2016 പ്രകാരമുള്ള വില കണക്കാക്കിയാൽ കരാറുകാരന് നൽകിയ തുക അധികമാണെന്ന് കാണാം. അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 8/23.06.2022) നൽകിയതനുസരിച്ച് 1220100928/G071305/27.06.2022 നമ്പർ രസീത് പ്രകാരം 11,289/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. നിലവിലുള്ള കണ്ണാടിക്ക് പകരം എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനനുസരിച്ചുള്ള കണ്ണാടി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എസ്റ്റിമേറ്റിലെ സ്പെസിഫിക്കേഷനനുസരിച്ച് തന്നെയാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തിമാത്രം ബിൽത്തുക നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

2. സംസ്ഥാനാവിഷ്കൃത ഫണ്ട് വകയിരുത്തിയ പദ്ധതിയായതിനാൽ തിരികെ ഈടാക്കിയ തുക ആ ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-സബ്സീഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം ചെലവഴിച്ച തുക തിരികെ ഈടാക്കണം

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | S6/20-21, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതി അടങ്കൽ | 6,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക-1,18,440/- | ബിൽ നം 396/22.03.2021- 73,576/-<br>ബിൽ നം 427/26.03.2021- 1424/-<br>ബിൽ നം 432/26.03.2021- 16,245/-<br>ബിൽ നം 453/30.03.2021- 27195/-<br>1,18,440/- |

പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. മെഡിക്കൽ 30,000/- എഞ്ചിനീയറിംഗ് - 25,000/- ബിരുദം – 20,000/- ബിരുദാനന്തര ബിരുദം – 30,000/-മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ 15,000/- എന്നിങ്ങനെയാണ് സ്കോളർഷിപ്പ് തുകയുടെ നിരക്ക് (സബ്സീഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.5). 2020-21 വർഷം 6,00,000/-രൂപ പദ്ധതി അടങ്കലായി ഉൾപ്പെടുത്തിയെങ്കിലും ചെലവഴിച്ചത് താഴെ പറയുന്ന 6 വിദ്യാർത്ഥികൾക്കായി 1,18,440/-രൂപ മാത്രമാണ് തൻ വർഷം ആനുകൂല്യം നൽകിയിട്ടുള്ളത്.

| ക്രമ നം | പേര് | പഠിക്കുന്ന കോഴ്സ് | നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ലിബിൻ കുമാർ | ബി കോം | 20,000 | 25,000 | 5,000 |
| 2 | അനുമോൾ സി.എ | ബി.എ. എക്കണോമിക്സ് | 20,000 | 25,000 | 5,000 |
| 3 | പ്രവീൺ പ്രദീപ് | ബി.എ | 20,000 | 25,000 | 5,000 |
| 4 | ജിഷ്ണു.കെ.എം | ബി.പി.എഡ് | 15,000 | 16,245 | 1245 |
| 5 | ആര്യ പി.എസ് | ബി.എ. എക്കണോമിക്സ് | 20,000 | 20,000 | 0 |
| 6 | ആകാശ് സുരേഷ് | ബി.എസ്.സി | 20,000 | 7195 | 0 |
| ആകെ ചെലവഴിച്ച തുക | | | | 118440 | 16245 |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന സാക്ഷ്യപത്രം ഇല്ലാതെയാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.

2. ആനുകൂല്യം കൈപ്പറ്റിയവരുടെ ലിസ്റ്റ് ഗ്രാമസഭ സാധൂകരിക്കണം. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

3. വിദ്യാർത്ഥികളുടെ പേരും കോഴ്സും, വർഷവും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം. രജിസ്റ്ററിൽ ഈ വിവരങ്ങളില്ല.

4. പട്ടികയിലെ ക്രമ നം 4 വരെയുള്ളവർക്ക് സബ്സീഡി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിനേക്കാൾ അധികം തുക നൽകിയിരിക്കുന്നു. ഇതിൽ ലിബിൻ കുമാർ ഗുണഭോക്താവ് അധികം കൈപ്പറ്റിയ 5,000/-രൂപ തിരിച്ചടച്ചിട്ടുണ്ട്. മറ്റ് മൂന്ന് വിദ്യാർത്ഥികൾക്കായി അധികം നൽകിയ 11,245/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

5. ആകാശ് സുരേഷ് എന്ന കുട്ടിക്ക് 20,000/-രൂപയുടെ സ്കോളർഷിപ്പിന് അർഹതയുണ്ടായിരുന്നിട്ടും 7195/-രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. ആവശ്യത്തിന് ഫണ്ടുണ്ടായിരുന്നിട്ടും അർഹമായ തുക നൽകിയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 18/29.06.2022) മറുപടി ലഭ്യമാക്കിയില്ല. സബ്സീഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധികം നൽകിയ 11,245/-രൂപ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ലിബിൻ കുമാർ എന്ന ഗുണഭോക്താവ് തിരിച്ചടച്ച 5,000/-രൂപ നിലവിൽ തനതുഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഇത് സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിയിൽ ശ്രദ്ധയിൽപ്പെടുത്തിയ മറ്റ് അപാകതകളും പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-2021 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തിയിട്ടുള്ളത് | |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ വിവരം | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2020-21 | 148993 | നെൽകൃഷി വികസനം | 148993 | 0 |
| 2 | ജില്ലാ പഞ്ചായത്ത് | 2020-21 | 50000 | ജീവൻ രക്ഷാമരുന്ന് ലഭ്യമാക്കൽ | 49865 | 135 |
| 3 | ജില്ലാ പഞ്ചായത്ത് | 2020-21 | 55050 | ക്ഷീര കർഷകർക്ക് പാലിന് സബ്സീഡി | 55050 | 0 |
| 4 | ജില്ലാ പഞ്ചായത്ത് | 2020-21 | 306551 | ഭിന്നശേഷി സ്കോളർഷിപ്പ് | 306551 | 0 |
| 5 | ജില്ലാ പഞ്ചായത്ത് | 2017-18 | 84300 | ഭിന്നശേഷി സ്കോളർഷിപ്പ് | 0 | 84300 |
| 6 | ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | നെൽകൃഷി വികസനം | 99921 | 79 |
| 7 | ജില്ലാ പഞ്ചായത്ത് | 2020-21 | 4000000 | ലൈഫ് മിഷൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ | 4000000 | 0 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 254589 | പാലിയേറ്റീവ് കെയർ | 254582 | 7 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 334056 | ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ-എസ്.സി | 334056 | 0 |
| 10 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | കരിശുപള്ളി ലിഫ്റ്റ് ഇറിഗേഷൻ | 427505 | 72495 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| 12 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 720000 | ലൈഫ് ഭവന പദ്ധതി | 720000 | 0 |
| 13 | ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 306549 | ലൈഫ് ഭവന പദ്ധതി | 306549 | 0 |
| 14 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പഠനമുറിക്ക് സഹായം-എസ്.സി | 0 | 100000 |
| 15 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3000 | മാലിന്യ നിർമ്മാർജ്ജനം | 0 | 3000 |
| 16 | ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 550781 | ലൈഫ് ഭവന പദ്ധതി-സ്ഥലം വാങ്ങൽ-എസ്.സി | 550781 | 0 |
| 17 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | വെളുത്തേടൻ ചിറ-പൈപ്പ് ലൈൻ നീട്ടൽ | 0 | 500000 |
| | | | | ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ ആകെ നീക്കിയിരിപ്പ് | | 760016 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക്നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ ബിൽ റഫറൻസ് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള PWD | പ്രൊ.നം.എസ്131/21-വിവിധ സ്ഥലങ്ങളിൽ സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ - | 389/20.03.2021 | 12,00,000 | 0 | 12,00,000 |

വാർഷിക കണക്ക് പ്രകാരം 460500201 – Deposit With Kerala Water Authority എന്ന ഹെഡിൽ 1,58,92,544/-രൂപ നീക്കിയിരിപ്പുണ്ട്. മുൻവർഷങ്ങളിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ മുൻകൂർ തുകകൾ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ക്രമീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവുകളില്ല. തിരിച്ചടക്കാനുള്ള വായ്പകളൊന്നും ശേഷിക്കുന്നില്ല .

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,56,39,054 |
| തൻവർഷം നിക്ഷേപിച്ച തുക | 11,22,962 |
| ആകെ | 1,67,62,016 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 301591 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,64,60,425 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ബാങ്കിന്റെ പേര് | തുക | നിക്ഷേപത്തിന്റെ വിവരം |
|---|---|---|
| Union Bank Kunnukara Branch | 56,70,215 | Rt. No. 154413/28.10.2020 |
| Union Bank Kunnukara Branch | 57,90,210 | Rt. No. 154414/ 26.03.2021 |
| State Bank Of India, Kuthiyayhodu Branch | 50,00,000 | Rt. No.369698/ 27.03.2021 |
| ആകെ | 1,64,60,425 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 ഖ. 13 | 2003-04 ഖ - 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധിക ചെലവ് | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |

| | | | |
|---|---|---|---|
| | | 66130/- രൂപ | |
| 2016-17 ഖ 2-2 | 2016-17 | KSEB യുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | രസീത് നം. 11606500040/ 25.1.2017 പ്രകാരം 2500/- രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,84,49,859 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,13,58,613 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11,245 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,39,432 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2020-21 | 3-1 | | 11,245 | സുനിൽ പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 39432 | ശ്രീമതി. ജിസ്സ ടി. ദിനരാജൻ വി.ഇ.ഒ, കുന്നുകര. |
| 1-18 | 1200000 | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ആകെ | 12,39,432 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-19 | 27,459 | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിൽ പി.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് | പാണ്ടിപ്പുള്ളിൽ ഹൗസ്, റോസ് ഗാർഡൻസ്,മേക്കാട്.പി.ഒ, |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി , വടക്കേക്കര ഗ്രാമപഞ്ചായത്ത് | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ വീട് അന്നമനട |
| ശ്രീമതി. ജിസ്ന ടി. ദിനരാജൻ | വി.ഇ.ഒ, കുന്നുകര. | ശ്രീമതി. ജിസ്ന ടി. ദിനരാജൻ, കോൽപുറത്തുവീട് അയ്യമ്പിള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1997-98 | എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1999-00 | എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04 |
| 2000-01,<br>2001-02 | എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05 |
| 2002-03 (ചെലവ്) | എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11 |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എംഓഡിറ്റ്<br>വർഷം<br>ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും<br>ഒടുവിലത്തെ കത്തിടപാടിന്റെ വിവരം<br>1996-97<br>എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98<br>1997-98<br>എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00<br>1998-99<br>എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98<br>1999-00<br>എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04<br>2000-01,<br>2001-02<br>എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05<br>2002-03 (ചെലവ്)<br>എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04<br>2003-04<br>എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08<br>2004-05<br>എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10<br>2005-06<br>എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10<br>2007-08<br>എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09<br>2008-09<br>എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11<br>2009-10<br>എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11<br>2010-11<br>എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11<br>2014-15 |

| | |
|---|---|
| | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16<br>2015-16<br>കെ.എസ്.എ.ഇ.കെ.എം(പി11)1908/16<br>തീയതി 30.11.2016<br>2016-17<br>കെ.എസ്.എ.ഇ.കെ.എം(പി11)1266/17<br>തീയതി 21.7.2017/ 26.9.2017<br>2017-18<br>കെ.എസ്.എ.ഇ.കെ.എം(പി11)173/19<br>തീയതി 05.02.2019<br>2018-19<br>കെ.എസ്.എ.ഇ.കെ.എം(പി11)1580/19<br>തീയതി 15.11.19/29.01.20<br>2019-20 കെ.എസ്.എ.ഇ.കെ.എം(പി11)179/22<br>തീയതി 17.05.2022(പി11)1908/16<br>തീയതി 30.11.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി11)1266/17<br>തീയതി 21.7.2017/ 26.9.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി11)173/19<br>തീയതി 05.02.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി11)1580/19<br>തീയതി 15.11.19/29.01.20 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി11)179/22<br>തീയതി 17.05.2022 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഫീസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്